25

# എഴുന്നേല്ക്കാൻ സമയം ആയി

## (5:14-18)

നമ്മിലുള്ള വെളിച്ചം ക്രിസ്ത്യാനികളായ പലരും പ്രകാശിക്കുവാൻ അനുവദിക്കാതെ ഉപേക്ഷിച്ചിരിക്കുകയാണ്. നാം ഇരുട്ടിൽ ഉറങ്ങുകയാണെന്നു തോന്നുന്നു. സുവിശേഷ സന്ദേശം ലോകത്തിലേക്കു എത്തിക്കുവാനും യേശുവിന്റെ നാമത്തിൽ ആളുകളെ സേവിക്കുവാനും സമൃദ്ധമായ അറിവും അവസരങ്ങളും നമുക്ക് ഉണ്ട്; എന്നിട്ടും, നാം ഉറങ്ങി നടക്കുന്നവ രാണെന്നു കാണിക്കുന്നു. നമുക്ക് അല്പം ദിശാബോധമേയുള്ളൂ എന്നു തോന്നുന്നു. നാം ആരാണെന്നും എന്താണെന്നും വളരെ കുറഞ്ഞ അറിവേ കാണിക്കുന്നുള്ളൂ. ദൈവം നമ്മെ ഏല്പിച്ച ജോലി ചെയ്യുവാൻ നാം യാതൊരു അത്യാവശ്യവും കാണിക്കുന്നില്ല.

ഉദാഹരണമായി, സുവിശേഷീകരണത്തിനു നമ്മുടെ അത്യാവശ്യം എവി ടെയാണ്? മാർച്ച് ചെയ്യുവാനുള്ള കല്പന യേശു നല്കിയിട്ടുണ്ട്: "ആക യാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാ വിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു, സകലജാതിക ളെയും ശിഷ്യരാക്കി കൊൾവിൻ" (മത്തായി 28:19, 20). ഇതു അത്യാവശ്യ മായി ചെയ്യുന്നതിന്റെ തെളിവ് എവിടെയാണ്? നമ്മുടെ ഉറക്കത്തിൽ നിന്നു നമ്മെ ഉണർത്തുവാൻ എന്തിനു കഴിയും?

ആദ്യ ക്രിസ്ത്യാനികളെ തങ്ങളുടെ ധ്യാനമയക്കത്തിൽ നിന്നു ഉണർത്തി യത് എന്ത്? അവർ ആത്മിയമായി മയങ്ങി. എഫെസ്യർ 5-ൽ പൗലൊസ് അവരോടു ഉണരുവാനുള്ള ആഹ്വാനം നല്കി:

> "ഉറങ്ങുന്നവനേ, ഉണർന്നു,
> മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേല്ക്ക,
> എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും" (വാ. 14).

ഈ സന്ദേശവുമായാണ് പൗലൊസ് ഉറങ്ങുന്നവരെ ഉണർത്തിയത്:

> ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായി ട്ടത്രേ നടപ്പാൻ നോക്കുവിൻ, ഇതു ദുഷ്ക്കാലം ആകയാൽ, സമയം തക്ക ത്തിൽ ഉപയോഗിച്ചുകൊൾവിൻ. ബുദ്ധിഹീനരാകാതെ, കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ. വീഞ്ഞു കുടിച്ചു മത്തരാകരുത്,

അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലൊ, എന്നാൽ ആത്മാവുനിറഞ്ഞവരാകുവിൻ (5:15-18).

പൗലൊസിന്റെ വാക്കുകൾക്ക് ചില ആശയങ്ങൾ നമുക്കു നല്കാൻ സാധിക്കും.

**ജ്ഞാനം ഉപയോഗിക്കുക**

ഉണരുവാൻ - ഉള്ള പൗലൊസിന്റെ ആഹ്വാനം ജ്ഞാനത്തിലേക്കുള്ളതാണ്: "ആകയാൽ സൂക്ഷ്മത്തോടെ നടപ്പാൻ നോക്കുവിൻ, *ബുദ്ധിഹീനരാകാതെ*, *ജ്ഞാനികളായി,* സമയം മിക്കതും ശരിയായി ഉപയോഗിപ്പിൻ, കാരണം ഇതു ദുഷ്ക്കാലമാണ്" (5:15, 16).

ലോക ചരിത്രം പരിശോധിച്ചാൽ ഈ നൂറ്റാണ്ടിലെ ആളുകൾ അറിവുള്ളവരും കൂടുതൽ കണ്ടുപിടിത്തങ്ങളും നേട്ടങ്ങളും നടത്തിയവരുമാണെന്നു കാണാം. നമുക്ക് നന്മക്കായി ഉപയോഗിക്കുവാൻ കഴിയുന്നതിനേക്കാൾ കൂടുതൽ വസ്തുതകളും ചിത്രങ്ങളും ലഭ്യമാണ്, പക്ഷെ നമ്മുടെ ലോകത്തിൽ ജ്ഞാനം കുറവാണ്. ജ്ഞാനം എന്നാൽ വസ്തുതകൾ മാത്രം അറിയുന്നതിനേക്കാൾ കൂടുതലാണ്. ജ്ഞാനം വീക്ഷണത്തെയാണ് കൈകാര്യം ചെയ്യുന്നത് - അത് ദൈവത്തിൽ കേന്ദ്രീകരിച്ചുള്ള ജീവിത സമീപനമാണ്.

ശലോമോൻ "മദ്ധ്യ - ജീവിത പ്രതിസന്ധിഘട്ടത്തിലൂടെയാണ് യാത്ര ചെയ്തത്. അയാൾ ദൈവത്തിൽ പുറം തിരിയുകയും ദൈവത്തെ കൂടാതെ സന്തോഷം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു. തന്റെ ജീവിതത്തിൽ സന്തോഷം കൊണ്ടുവരുമെന്ന് അയാൾ കരുതുന്നത് എന്തും ശ്രമിച്ചുനോക്കുവാനുള്ള മനസ്സും, പണവും, സമയവും, ശക്തിയും, അവസരങ്ങളും അയാൾക്കുണ്ടായിരുന്നു. ശലോമോൻ ബുദ്ധിയുള്ളവനാകാതെ വിഢ്ഢിയാകുവാൻ തയ്യാറായി. ദൈവത്തെ കൂടാതെയുള്ള സന്തോഷം കണ്ടെത്തുവാനുള്ള അവന്റെ അന്വേഷണം അവനെ നിരുത്സാഹപ്പെടുത്തുകയും, വിഷണ്ണനാക്കുകയും, മോഹഭംഗം ഉണ്ടാക്കുകയും ചെയ്തു. ദൈവത്തെ കൂടാതെയുള്ള സമാധാനം കണ്ടെത്തുന്ന ശ്രമങ്ങളിൽ പരാജയപ്പെട്ട ശലോമോന്റെ യാത്രയെ പോലെ ഇപ്പോൾ നമുക്ക് സഭാപ്രസംഗി പുസ്തകം ഉണ്ട്.

ശലോമോന്റെ അനുഭവം നമ്മെ ഓർമ്മിപ്പിക്കുന്നതാണ് പൗലൊസിന്റെ വാക്കുകൾ. പൗലൊസ് പറഞ്ഞു, "ബുദ്ധിഹീനരാകാതിരിക്കുക." അവൻ ഇന്നുണ്ടായിരുന്നെങ്കിൽ, പൗലൊസ് പറയുമായിരിക്കാം,

ധാരാളം പണം കിട്ടിയാൽ നിങ്ങൾക്കു സന്തോഷം ലഭിക്കുമെന്നു
നിങ്ങൾ വിചാരിക്കുന്നുവോ?
ബുദ്ധിഹീനരാകാതിരിക്കുക.
നിങ്ങൾ വളരെ അധികം ആഗ്രഹിച്ചതായ ആ വീടു വാങ്ങിയാൽ
സന്തോഷം കിട്ടുമെന്നു നിങ്ങൾ കരുതുന്നുണ്ടോ?
ബുദ്ധിഹീനരാകാതിരിക്കുക.
നിങ്ങൾ ആഗ്രഹിച്ച കാണാൻ - കൊള്ളാവുന്ന പുരുഷനെയോ സ്ത്രീ
യെയോ വിവാഹം കഴിച്ചാൽ മാത്രം സന്തോഷം ലഭിക്കുമെന്നു നിങ്ങൾ
കരുതുന്നുണ്ടോ?
ബുദ്ധിഹീനരാകാതിരിക്കുക.

> നിങ്ങൾ മോഹിച്ചതായ ആ ജോലി കിട്ടിയാൽ നിങ്ങൾക്കു സന്തോഷിക്കുവാൻ കഴിയുമെന്നു കരുതുന്നുണ്ടോ?
> ബുദ്ധിഹീനരാകാതിരിക്കുക.
> മദ്യത്തിനോ അല്ലെങ്കിൽ മയക്കുമരുന്നിനോ നിങ്ങളെ സന്തോഷിപ്പിക്കുവാൻ കഴിയുമെന്നു നിങ്ങൾ കരുതുന്നുണ്ടോ?
> ബുദ്ധിഹീനരാകാതിരിക്കുക.
> എല്ലാ അധികാരവും ഉപേക്ഷിച്ചു നിങ്ങൾക്ക് ഇഷ്ടമുള്ളതു മാത്രം ചെയ്താൽ സന്തോഷം കിട്ടുമെന്നു നിങ്ങൾ കരുതുന്നുണ്ടോ?
> ബുദ്ധിഹീനരാകാതിരിക്കുക.[1]

ജീവിതത്തിനു ഒരു വഴിയേ ഉള്ളൂ, ഓരോ അവസരങ്ങളും ഏറ്റവും നല്ലതാക്കാൻ ഒരു വഴി മാത്രം – ദൈവത്തിനായി ജീവിക്കുക. *ദൈവത്തെ കൂടാതെ നാം എന്തിനുവേണ്ടി പരിശ്രമിച്ചാലും, നമുക്കു തൃപ്തി ലഭിക്കുകയില്ല.*

ജ്ഞാനത്തോടെ ഉണർവ്വ് ലഭിക്കുന്നു.

## ഗ്രഹിക്കൽ ഉപയോഗിക്കുക

ഉണരുക എന്നതിന് ദൈവേഷ്ടത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതുമായും ബന്ധമുണ്ട്: "ബുദ്ധിഹീനരാകാതെ, കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ" (5:17). ജോൺ സ്റ്റോട്ട് പറഞ്ഞതു, "ജീവിതത്തിൽ ദൈവേഷ്ടം കണ്ടുപിടിച്ചു ജീവിക്കുന്നതിനേക്കാൾ പ്രധാനമായി മറ്റൊന്നുമില്ല"[2] എന്നാണ്.

ക്രിസ്ത്യാനികൾ ഉണർന്നു ദൈവേഷ്ടത്തിന്റെ പ്രാധാന്യം മനസ്സിലാക്കുവാനുള്ള സമയം ഇപ്പോഴാണ്. ദൈവേഷ്ടത്തിൽ നിന്നു പുറത്തു കടന്നു ജീവിക്കുന്ന ഒരു ലോകത്തിലാണ് നാമെന്ന കാര്യം തിരിച്ചറിയണം. ദൈവത്തിനെതിരായാണ് ലോകം നിലകൊള്ളുന്നത്. അതു ദൈവേഷ്ടത്തെ നിരസിച്ചുകൊണ്ടാണ് പോകുന്നത്.

സന്ദേശങ്ങൾ ദിവസവും നമ്മിൽ വന്നു കൊള്ളുന്നു, ദൈവേഷ്ടമനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടക്കുന്നു, അവയെല്ലാം ക്രിസ്ത്യാനികളെ എല്ലാ കാലത്തും സ്വാധീനിക്കയും ചെയ്യുന്നുണ്ട്. ദൈവത്തിനു പുറത്തുള്ള സംസ്ക്കാരത്തിന്റെ സമ്മർദ്ദം നമുക്ക് എല്ലാം അനുഭവപ്പെടാറുണ്ട്. നാം ഉണർന്നു നമ്മുടെ വിനോദത്തിനുള്ള വിഭവങ്ങളെ കുറിച്ചു ചിന്തിക്കണം. നാം വായിക്കുന്ന പുസ്തകങ്ങളെ കുറിച്ചും, നാം പോകുന്ന സ്ഥലങ്ങളെ കുറിച്ചും, നാം സമയം ചെലവഴിക്കുന്ന രീതിയെ കുറിച്ചും ഉണർന്നു ചിന്തിക്കണം. നാം ദൈവേഷ്ടത്തിനായി ഉണർന്ന് എഴുന്നേല്ക്കണം.

## ശക്തി ഉപയോഗിക്കുക

ആത്മിയമായി ഉറങ്ങുന്നവരെ ഉണർത്തേണ്ട മൂന്നാമത്തെ പ്രധാന കാര്യം ശക്തിയാണ്. ഒരു ഉറവിടത്തിൽ നിന്നു മാത്രമേ സഭയ്ക്കുവേണ്ട ശക്തി ലഭിക്കുകയുള്ളൂ: കർത്താവിന്റെ പരിശുദ്ധാത്മാവു. എഫെസ്യർ 5:18 പറയുന്നു, "വീഞ്ഞു കുടിച്ചു മത്തരാകരുത്, അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലൊ, ആത്മാവു നിറഞ്ഞവരാകുവിൻ."

ഒരാൾ മദ്യപിക്കുമ്പോൾ, നാം പറയും അയാൾ "മദ്യത്തിൻ കീഴിലായി" എന്ന്. അതിന്റെ സ്വാധീനം അവനെ നിയന്ത്രിക്കുന്നു. ഒരു മദ്യപാനി

നടക്കുന്നതും, സംസാരിക്കുന്നതും, ചിന്തിക്കുന്നതും, മറ്റുള്ളവരോടു പെരുമാറുന്നതും സാധാരണ അവസ്ഥയിൽ നിന്നും വ്യത്യസ്തമായിട്ടായിരിക്കും. ഒരു വ്യക്തി മദ്യപിച്ചാൽ, അയാൾ വ്യത്യാസമുള്ള ആളായി തീരുന്നു.

പൗലൊസ് ആവശ്യപ്പെടുന്നതു ക്രിസ്ത്യാനികൾ വ്യത്യാസമുള്ളവരാകുവാനാണ് – ദൈവത്തിന്റെ പരിശുദ്ധാത്മ നിയന്ത്രണത്തിൻ കീഴിലാകുവാൻ. ദൈവവചനത്താൽ നമ്മുടെ ജീവിതം നിറക്കുവാനാണ് പരിശുദ്ധാത്മാവു ആവശ്യപ്പെടുന്നത്. എങ്ങനെയായാലും, നമ്മുടെ പാപങ്ങളും, കാഠിന്യവും, മാനസാന്തരപ്പെടുന്നതിനെ നിഷേധിക്കുന്നതും ആത്മാവിന്റെ ശക്തി നമ്മിൽ നിന്നും നഷ്ടമാക്കും. നാം ദൈവത്തോടു തുറന്ന മനസ്സോടെ അവന്റെ വചനം അനുസരിച്ചു ജീവിച്ചാൽ, പരിശുദ്ധാത്മാവു നമ്മിൽ നിറയും. അവന്റെ ശക്തി നമ്മുടെ ജീവിതത്തിലേക്കു ഒഴുകും.

അപ്പോൾ, എങ്ങനെ, നമ്മിൽ പരിശുദ്ധാത്മാവിനെ നിറയ്ക്കുവാൻ സാധിക്കും? ഒന്നു, *നിറയുവാൻ ആഗ്രഹിക്കുക*. അവന്റെ ശക്തിക്കു വേണ്ടിയുള്ള ആഗ്രഹം നമ്മിൽ കുറവാണെങ്കിൽ ആത്മാവിന്റെ ശക്തി നമ്മുടെ ജീവിതത്തിൽ വരുകയില്ല. നാം വായിക്കുന്നു,

> യേശു, നിന്നുകൊണ്ടു, "ദാഹിക്കുന്നവൻ എല്ലാം, എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. തിരുവെഴുത്തു പറയുന്നതുപോലെ, എന്നിൽ വിശ്വസിക്കുന്നവന്റെ, 'ഉള്ളിൽ നിന്നു ജീവജല നദികൾ ഒഴുകും'" എന്നു പറഞ്ഞു. അവൻ തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള, ആത്മാവിനെ കുറിച്ചു ആകുന്നു പറഞ്ഞതു (യോഹന്നാൻ 7:37–39).

നമ്മുടെ ജീവിതത്തിൽ ആത്മാവിന്റെ ശക്തിക്കായി ഉണരേണ്ടത് യേശു നല്കുന്നതിനു വേണ്ടിയുള്ള ദാഹത്തോടുകൂടിയാണ് – അവനെ പോലെ ആകുവാനുള്ള അവസരമാണ് അവൻ നല്കുന്നത്. വചനം മുഖാന്തരം നമ്മെ യേശുവിനെ പോലെ ആക്കുന്നത് ആത്മാവിന്റെ പ്രത്യേകതയാണ്, എന്നാൽ നാം ആഗ്രഹിച്ചാൽ മാത്രമെ അവൻ അതു ചെയ്യുകയുള്ളൂ.

രണ്ട്, നാം ആത്മാവു നിറയുവാനുള്ള വിളി കേൾക്കേണ്ടത് *ദൈവവചനം അറിഞ്ഞുകൊണ്ട്* വേണം: "ക്രിസ്തുവിന്റെ വചനം ഐശ്വര്യ മായി സകലജ്ഞാനത്തോടുംകൂടെ നിങ്ങളിൽ വസിക്കട്ടെ" (കൊലൊസ്യർ 3:16). ആത്മാവു നമ്മിൽ നിറയുവാൻ അനുവദിക്കുവാനാണ് എഫെസ്യർ 5:18–ൽ പറയുന്നത്. ആത്മാവും വചനവും യോജിച്ചാണ് പോകുന്നത്. ആത്മാവു നിറയുവാൻ നമുക്കു വചനം അറിയുകയും വചനം നമ്മിൽ വസിക്കയും വേണം. നമ്മുടെ ജീവിതത്തിൽ ആത്മാവു നിറയുന്നതു ദൈവവചനം നമ്മിൽ ജീവിക്കുമ്പോഴാണ്. ആത്മാവും വചനവും യോജിച്ചു പ്രവർത്തിക്കുന്നു.

മൂന്ന്, ആത്മാവു നിറയുവാൻ, നാം *യേശുവിനോട് നമ്മെ കീഴ്പ്പെടുത്തുന്നത് ഒരു ജീവിതരീതിയാക്കി മാറ്റണം.* നാം പലപ്പോഴും പാടാറുള്ള ഒരു പാട്ടിലെ വാക്കുകളിൽ ആത്മാവു നിറയുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്, "ആൾ ടു ജീസസ് ഐ സറണ്ടർ." ഓരോ – മണിക്കൂർ – തോറും എന്ന രീതിയിലും, ഓരോ – നിമിഷം – തോറും എന്ന രീതിയിലും നമ്മുടെ ഉന്നം ആ വാക്കുകൾ ആണെങ്കിൽ, നമ്മുടെ ജീവിതത്തിൽ ആത്മാവു നിറയും. നാം ഉറങ്ങി – നടക്കുന്നതു നിർത്തും. ആത്മാവിനോടു

കൂടിയുള്ള നടപ്പിൽ, അവന്റെ ശക്തിയാൽ, നാം വിശാലമായി ഉണർവ്വുള്ള വരും ശക്തരും ആകും.

**ഉപസംഹാരം**

ഒരു ക്രിസ്ത്യാനിയായ നിങ്ങൾ ഉറങ്ങി നടക്കുകയാണോ? ജ്ഞാനത്തി ലേക്കും, മനസിലാക്കുന്നതിലേക്കും, ആത്മാവിനാൽ നിറഞ്ഞു ശക്തി പ്രാപി ക്കുന്നതിലേക്കും വീണ്ടും തിരിച്ചുവരുക. ഉയരത്തിൽ നിന്നുള്ള ജ്ഞാനം ഉപയോഗിക്കുവാനും, കർത്താവിന്റെ ഇഷ്ടത്തെ മനസിലാക്കി അനുസരി ക്കുവാനും, ആത്മാവ് നിറയുമ്പോൾ ഉണ്ടാകുന്ന ശക്തി കണ്ടെത്തി പ്രാപി ക്കുവാനും സമയം ആയി. അവന്റെ സഭ വിശാലമായി ഉണരുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

നിങ്ങൾ ഒരു ക്രിസ്ത്യാനി അല്ലെങ്കിൽ, ക്രിസ്തു നിങ്ങൾക്കുവേണ്ടി ചെയ്തത് ഉണർന്നു കാണുവാൻ ഇപ്പോൾ സമയം ആയി. അവങ്കലേക്കു തിരിയുക, നിങ്ങളുടെ പഴയ ജീവിതത്തിൽ നിന്നു മാനസാന്തരപ്പെടുക, നിങ്ങ ളുടെ പാപങ്ങളെ കഴുകി കളയുവാൻ സ്നാനമേല്ക്കുകയും ചെയ്യുക. സ്നാന ജലത്തിൽ നിന്നു കയറി ക്രിസ്തുവിന്റെ വെളിച്ചം നിങ്ങൾ ലോക ത്തിൽ പ്രകാശിപ്പിക്കുക.

---

കുറിപ്പുകൾ

[1]മാക്സ് ആന്റേഴ്സ്, *ദ ഗുഡ് ലൈഫ്: ലിവിങ് വിത്ത് മീനിങ് ഇൻ ഏ “നെവെർ – ഇനഫ്” വേൾഡ്* (ഡള്ളാസ്: വേഡ് പബ്ലിഷിങ്, 1993), 147–48. [2]ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട്, *ദ മെസേജ് ഓഫ് എഫേഷ്യൻസ്: ഗോഡ്സ് ന്യൂ സൊസൈറ്റി*, ദ ബൈബിൾ സ്പീക്സ് റ്റുഡേ, ജെന. എഡി. ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ – വാർസിറ്റി പ്രസ്, 1979), 203.